LIBRARY ARCHIVES Kerala Legislative Assembly

പെരുപ്പയം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

174 [1419] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുപ്പയം പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സർവ്വേ അടക്കമുള്ള സാങ്കേതിക നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കാമോ ;

(ബി) അപ്രോച്ചുറോഡിന്റെ സർവ്വേ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(സി) തദ്ദേശവാസികളുടെ പതിറ്റാണ്ടുകളായുള്ള ആവശ്യം അംഗീകരിച്ച്, പാലത്തിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) പെരുപ്പയം പാലത്തിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് എൽ. ബി. എസ്. തയ്യാറാക്കി വരുന്നു.

(സി) ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി വേണ്ട അനുമതികൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളു.

കാസർഗോഡ് ജില്ലയിലെ താന്നിയടി പാലം

175 [1420] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പെരിയ-ഒടയംചാൽ പി. ഡബ്ല്യു. ഡി. റോഡിൽ വരുന്ന താന്നിയടി പാലം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിലേക്കായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിലേക്ക് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) യും (സി) യും ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിലേക്കായി എൽ.ബി.എസ്. സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.